## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7142 11.07.2014- ൽ മറുപടിക്ക്

### വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തു പണികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മരാമത്തു പണികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുകയോ, പദ്ധതി തുക തന്നെ ലാപ്സ് ആയി പോവുകയോ ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത്, പ്രസ്തുത മരാമത്തു പ്രവൃത്തികൾ പൊതുമരാമത്തിനെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മരാമത്തു പണികൾ നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം നിലവിലില്ലാത്ത സാഹചര്യങ്ങളിൽ പണി നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD (Spl. Buildings), PWD (Roads & Bridges) എന്നീ വിഭാഗങ്ങളെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത പണികൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ കാലതാമസം ഒഴിവാക്കുവാൻ എല്ലാ മരാമത്തു പണികളും പൊതുമരാമത്തു വകുപ്പിനെക്കൊണ്ട് നിർവ്വഹിപ്പിക്കേണ്ട ആവശ്യമില്ല. |
| (ബി) | ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ